പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം *312 | 10/05/2017 ൽ മറുപടി<br>നല്കേണ്ടത്. |

**വിഷാദരോഗ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം**<br>**,, വി.ഡി.സതീശൻ**<br>**,, അനിൽ അക്കര**<br>**,, എം. വിൻസെന്റ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സമൂഹത്തിൽ, പ്രത്യേകിച്ച് സ്ത്രീകളുടെയിടയിൽ വിഷാദരോഗം കൂടുതലായി ബാധിക്കുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | എ) | സമൂഹത്തിൽ സ്ത്രീകൾക്കാണ് വിഷാദരോഗം കൂടുതലായി കണ്ടു വരുന്നത്. വിഷാദരോഗത്തിന്റെ കണക്ക് എടുക്കുമ്പോൾ പുരുഷന്മാരുടെ ശരാശരിയെക്കാൾ ഏകദേശം ഇരട്ടിയോളമാണ് സ്ത്രീകളുടെ ശരാശരി, ജൈവശാസ്ത്രപരമായ കാരണങ്ങൾ ഹോർമോൺ വ്യതിയാനങ്ങൾ സാമൂഹ്യകാരണങ്ങളായ ഗാർഹിക പീഡനം, സാമ്പത്തിക പ്രതിസന്ധി, ഭർത്താവിന്റെ മദ്യപാനം, സാമൂഹിക പിന്തുണയുടെ കുറവ് ഇവയാണ് വിഷാദരോഗം കൂടുതലായി ബാധിക്കുന്നതിനു കാരണം. |
| ബി) | വിഷാദരോഗികളെ കണ്ടെത്തുവാനും ചികിത്സ നൽകുവാനും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. ആദ്യഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്ന 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലാണ് ഇവയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളത്. |
| സി) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ, നഴ്സ് തുടങ്ങിയവർക്ക് ഇതിനുള്ള പരിശീലനം നൽകുവാൻ പദ്ധതിയുണ്ടോ? | സി) | മേൽപ്പറഞ്ഞ കുടുംബാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർ, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് ഇതിനുള്ള പരിശീലനം നൽകുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ